# കാര്യകാരണ ബന്ധം കേരളത്തിൽ മാത്രമോ?

ഫൈസൽ മുസ്‌ലിയാർ പുതുപ്പറമ്പ്

ഭൗതികം, അഭൗതികം, കാര്യകാരണ ബന്ധം, സാധാരണ സഹായം, അസാധാരണ സഹായം, ദൃശ്യം, അദൃശ്യം, കഴിവിൽപ്പെട്ടത്, കഴിവിൽപ്പെടാത്തത് എന്നീ പ്രയോഗങ്ങൾ കൊണ്ട് എപ്പോൾ ഒരു വിളി പ്രാർത്ഥനയാകും, എപ്പോൾ ഒരു കാര്യം ഇബാദത്താകും തുടങ്ങിയ കാര്യങ്ങൾ പഠിപ്പിക്കാൻ നാം കേരളത്തിൽ ഗവേഷണം നടത്തി കണ്ടെത്തിയതല്ല. ഈ പദങ്ങൾക്ക് സമാനമായ പ്രയോഗം തന്നെയാണ് അഹ്‌ലുസ്സുന്നയുടെ മുൻകാല പണ്ഡിതന്മാർ അവരുടെ ഗ്രന്ഥങ്ങളിൽ പഠിപ്പിച്ചത്.

إِذَا سَأَلْتَ فَاسْأَلِ اللَّهَ وَإِذَا اسْتَعَنْتَ فَاسْتَعِنْ بِاللَّهِ

എന്ന ഹദീസിനെ വിശദീകരിച്ചുകൊണ്ട് നവവി (റഹി) തന്റെ شرح الأربعين ൽ രേഖപ്പെടുത്തുന്നു.

ثُمَّ إِنْ كَانَتْ الحَاجَةُ الَّتِي يَسْأَلُهَا، لَمْ تَجْرِ العَادَةُ بِجَرَيَانِهَا عَلَى أَيْدِي خَلْقِه، كَطَلَبِ الهِدَايَةِ وَالعِلْمِ .. وَشِفَاءِ المَرْضَى وَحُصُولِ العَافِيَةِ سَأَلَ رَبَّهُ ذلِكَ، أَمَّا سُؤَالُ الخَلْقِ وَالإِعْتِمَادُ عَلَيْهِمْ فَمَذْمُومٌ

.... പിന്നെ, ജീവിതസൗഖ്യം നേടുക, രോഗശമനം, വിജ്ഞാനം, സന്മാർഗ്ഗം കണ്ടെത്തൽ പോലെ സാധാരണഗതിയിൽ സൃഷ്ടികളുടെ കരങ്ങളാൽ നടക്കാത്ത കാര്യങ്ങളാണ് ഒരാളുടെ ചോദ്യത്തിലെ ആവശ്യങ്ങളെങ്കിൽ അത് രക്ഷിതാവായ അല്ലാഹുവിനോടാണ് ചോദിക്കേണ്ടത്. എന്നാൽ സൃഷ്ടികളോട് ചോദിക്കലും അവരെ അവലംബിക്കലും ആക്ഷേപിക്കപ്പെടുന്ന കാര്യമാണ്.

ഇത് തന്നെ റാസിയും സൂറ: അൻഫാൽ: 62ന്റെ വ്യഖ്യാനത്തിൽ പറയുന്നുണ്ട്.

فإنْ قيلَ :لَمَّا قالَ { :هُوَ الذى أَيَّدَكَ بنصْرِه } فأيُّ حاجة مع نَصْرِه إلى المُؤْمنينَ، حتَّى قالَ{ :وبالمُؤْمنين. } قُلْنا :التَّأْييدُ لَيْسَ إلاَّ منَ الله لكنَّهُ على قسْمَيْن :أحدُهُما :مَا يَحْصُلُ منْ غيْرِ واسطَة أَسْباب مَعْلُومَة مُعْتَادَة .والثَّاني :مَا يَحْصُلُ بواسطَة أَسْباب مَعْلُومَة مُعْتَادَة .فالأَوَّلُ :هُوَ المُرادُ منْ قوْله أيَّدكَ بنصْره، والثَّاني :هُوَ المُرادُ منْ قوْله { :وبالمؤمنين}

(അവന്റെ സഹായംകൊണ്ട് നിന്നെ അവനാണ് ശക്തിപ്പെടുത്തിയത്) എന്ന് അല്ലാഹു പറയുമ്പോൾ, അവന്റെ സഹായമുള്ളപ്പോൾ പിന്നെ മുഅ്മിനുകളുടെ (സഹായത്തിന്റെ) എന്താവശ്യമാണ്? (മുഅ്മിനുകളെക്കൊണ്ടും) എന്നു ശേഷം പറഞ്ഞല്ലോ? എന്നാരെങ്കിലും പറഞ്ഞാൽ അതിനുള്ള മറുപടി ഇതാണ്: സഹായം അല്ലാഹുവിൽനിന്നല്ലാതെ മറ്റാരിൽനിന്നുമല്ല. എന്നാൽ അത് രണ്ടു വിധമാണ്. ഒന്ന്: നമുക്കു മനസ്സിലാകുന്ന സാധാരണഗതിയിലുള്ള കാരണങ്ങൾ മുഖേനയല്ലാതെ ഉണ്ടാകുന്നത്. രണ്ട്: മനസ്സിലാക്കാവുന്ന സാധാരണ കാരണങ്ങൾ മുഖേന ഉണ്ടാകുന്ന സഹായം. ഒന്നാമത്തേതാണ് ''അവന്റെ സഹായം കൊണ്ട് നിന്നെ അവൻ ശക്തിപ്പെടുത്തി'' എന്നതുകൊണ്ടുള്ള വിവക്ഷ. ''മുഅ്മിനുകളെക്കൊണ്ടും'' എന്ന വാക്കുകൊണ്ടുള്ള ഉദ്ദേശ്യം രണ്ടാമത്തേതുമാണ്.(റാസി–15/188,189)

അഭൗതികമായി ഗുണം ചെയ്യാനും ദോഷം വരുത്തിവെക്കാനും അല്ലാഹുവിന് മാത്രമേ സാധിക്കൂ എന്നും സൃഷ്ടികൾക്കാർക്കെങ്കിലും അഭൗതികത കൽപ്പിക്കുമ്പോൾ അത് ശിർക്കായി ത്തീരുന്നുവെന്നും ആ നിലയ്ക്കുള്ള വിനയം, താഴ്മ, സഹായാർത്ഥന തുടങ്ങിയവയെല്ലാം ആരാധനയാകുമെന്നും വ്യക്തമായി. എന്നാൽ ഇക്കാലമത്രയും മുസ്‌ലിം ലോകം വിശ്വസിച്ചു പോന്ന ഈ നയത്തിന് വിരുദ്ധമായി ജിന്നും മലക്കും അഭൗതിക സൃഷ്ടികളാണെന്നും അതുകൊണ്ടുതന്നെ അവയിൽ നിന്ന് ലഭിക്കുന്ന ഏത് സഹായവും ഏത് ഉപദ്രവവും അഭൗതികമാണെന്നുമുള്ള ചില തൽപരകക്ഷികളുടെ ദുർവ്യഖ്യാനമാണ് പുതിയ വിവാദങ്ങളുടെ മൂലകാരണം. അതിന്റെ ഭാഗമാണ് യാ ഇബാദല്ല എന്ന ദുർബല ഹദീസിലെ വിളി അഭൗതിക വിളിയാണെന്നും അതിനാൽ പ്രാർത്ഥന തന്നെയാണെന്നും അതിൽ ശിർക്കുണ്ടെന്നുമുള്ള പുതിയ കണ്ടുപിടുത്തം.